'ഗില്ലെൻ ബാരി സിൻഡ്രോം' എന്ന അപൂർവ രോഗം ബാധിച്ച് ഒന്നര വർഷത്തോളം കിടപ്പിലായിരുന്ന ഫാ. ജയിംസ് മഞ്ഞാക്കൽ എം.എസ്.എഫ്. എസ്, എല്ലാ ശാസ്ത്രങ്ങൾക്കും അതീതമാണ് ദൈവമെന്നും എല്ലാ മരുന്നുകൾക്കും മേലേയാണ് ദൈവ വചനമെന്നും സ്വന്തം അനുഭവത്തിലൂടെ ലോകത്തിനു സാക്ഷ്യപ്പെടുത്തി അദ്ഭുതകരമായ തിരിച്ചുവരവ് നടത്തുകയാണ്. വീൽചെയറിൽ, രാവിലെ മുതൽ വൈകുന്നേരം വരെ വചനപ്രഘോഷണം, രോഗശാന്തി ശുശ്രൂഷ, വിശുദ്ധ കുർബാന എന്നിവ യാതൊരു ക്ഷീണവുമില്ലാതെ അച്ചൻ നയിക്കുന്നു...

മരണത്തിൽ നിന്ന് രണ്ടാം വരവ്

▶▶ ബിജു തോമസ്

അഞ്ച് ഭൂഖണ്ഡങ്ങളിലായി 102 രാജ്യങ്ങളിൽ ലക്ഷക്കണക്കിന് ജനങ്ങളെ ദൈവാനുഭവത്തിലേക്കും രോഗസൗഖ്യത്തിലേക്കും കൈപിടിച്ചുയർത്തുന്ന ഫാ. ജയിംസ് മഞ്ഞാക്കൽ എം.എസ്.എഫ്.എസിനെ അറിയാത്തവർ ചുരുക്കം.

ലക്ഷക്കണക്കിന് ആളുകൾക്ക് രോഗശാന്തി പകർന്നുനൽകിയ അച്ചൻ പക്ഷേ, ഓസ്ട്രിയായിൽവച്ച് 'ഗില്ലെൻ ബാരി സിൻഡ്രോം' (Guillain Barre Syndrome - GBS) എന്ന അപൂർവരോഗം ബാധിച്ച് ഒന്നരവർഷം കിടപ്പിലായിരുന്നു. ലക്ഷത്തിൽ രണ്ടുപേർക്കുമാത്രം ഉണ്ടാകാവുന്ന ഈ മാരകരോഗം സ്വതന്ത്ര നാഡീവ്യൂഹത്തെയാണ് ആദ്യം പിടികൂടുക. കൈകാലുകളിൽ തുടങ്ങുന്ന തളർച്ച ക്രമേണ ശരീരത്തിലേക്ക് ബാധിച്ച് പൂർണ്ണ തളർച്ചയിൽ അവസാനിക്കും. സ്വതന്ത്ര നാഡീവ്യവസ്ഥയെ തകരാറിലാക്കുന്നതിനാൽ ജീവനുതന്നെ ഭീഷണിയാകാറുണ്ട് ഈ രോഗം, പ്രത്യേകിച്ച് ശ്വസനപ്രക്രിയയുമായി ബന്ധപ്പെട്ട പേശികളെ ബാധിക്കുക കൂടി ചെയ്താൽ.

കഴുത്തിനു താഴേയ്ക്ക് ചലനമറ്റ്, 'കോമ സ്റ്റേജ്' എന്ന് വൈദ്യശാസ്ത്രം വിളിക്കുന്ന അതിഗുരുതരാവസ്ഥയിൽ നാലു മാസത്തോളം അച്ചൻ ജീവൻ നിലനിർത്തിയത് വെന്റിലേറ്ററിന്റെ സഹായത്തിലാണ്. വിവിധ ആശുപത്രികളിൽ മാറി മാറി ചികിത്സ. കിടക്കയിൽനിന്ന് ഇനിയൊരു ഉണർത്തെഴുന്നേൽപ്പില്ലെന്ന് വിദഗ്ധ ഡോക്ടർമാരും ആധുനിക വൈദ്യശാസ്ത്രവും ഒരുമിച്ച് പറഞ്ഞു.

പക്ഷേ, ഫാ.ജയിംസിനെ സംബന്ധിച്ച ദൈവികകണക്കുകൂട്ടൽ മറ്റൊന്നായിരുന്നു. എല്ലാ ശാസ്ത്രങ്ങൾക്കും അതീതമാണ് ദൈവമെന്നും എല്ലാ മരുന്നുകൾക്കും മേലേയാണ് ദൈവവചനമെന്നും സ്വന്തം അനുഭവത്തിലൂടെ ലോകത്തിനു സാക്ഷ്യപ്പെടുത്തി അദ്ഭുതകരമായ തിരിച്ചുവരവ് നടത്തുകയാണ് അച്ചൻ ഇപ്പോൾ.

രോഗത്തെ അതിജീവിച്ച 'ഉയർത്തെഴുന്നേൽപ്പി'നുശേഷം മഞ്ഞാക്കലച്ചൻ നടത്തിയ ആദ്യശുശ്രൂഷ പോളണ്ടിലെ വാഴ്സോ നഗരത്തിലായിരുന്നു. മെയ് എട്ടു മുതൽ 11 വരെ നടത്തിയ ഈ കൺവൻഷനിൽ ദിവസവും ഏഴായിരം വിശ്വാസികളാണ് പങ്കെടുത്തത്. പത്രറിപ്പോർട്ടുകളനുസരിച്ച് മൊത്തം 30,000-ത്തിലേറെ പേർ.

ജൂൺ ആറു മുതൽ എട്ടുവരെ ചെക്ക് റിപ്പബ്ലിക്കിലെ ബെർണോ എക്സിബിഷൻ സെന്ററിൽ അച്ചൻ നടത്തിയ 'ഓശാന കൺവൻഷ'നിൽ പങ്കെടുത്തത് മൂവായിരത്തിലധികം പേരാണ്.

വീൽചെയറിൽ, രാവിലെ മുതൽ വൈകുന്നേരം വരെ വചനപ്രഘോഷണം, രോഗശാന്തി ശുശ്രൂഷ, വിശുദ്ധ കുർബാന എന്നിവ യാതൊരു ക്ഷീണവുമില്ലാതെ അച്ചൻ നയിക്കുന്നത് കാണാനിടയായി. മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ആത്മീയ ചൈതന്യത്തോടെയും ദൈവികശക്തിയോടെയും അച്ചൻ പ്രസംഗിക്കുകയും പാടുകയും പ്രാർത്ഥിക്കുകയും ചെയ്തു.

രോഗശാന്തി ശുശ്രൂഷയ്ക്കുശേഷം സാക്ഷ്യം പറയാൻ നൂറുകണക്കിന് ആളുകളുടെ നിരയായിരുന്നു രൂപപ്പെട്ടത്. ക്രച്ചസ് സഹായത്തോടെ വന്നവർ ശുശ്രൂഷയ്ക്കുശേഷം സാധാരണപോലെ നടന്നുപോകുന്നത് കാണാനിടയായി. ജനം ഒന്നിച്ച് ആ സമയത്തെല്ലാം 'ഹല്ലേലൂയ്യ...' മുഴക്കുന്നുണ്ടായിരുന്നു.

24 മണിക്കൂറിൽ കൂടുതൽ എനിക്ക് ആയുസില്ലെന്ന് വിദഗ്ധ ഡോക്ടർമാർ വിധിയെഴുതി. മരണത്തെ മുഖാമുഖം കണ്ട നിമിഷങ്ങൾ. അന്ത്യകൂദാശ സ്വീകരിച്ച് മരണത്തെ സ്വീകരിക്കാൻ ഞാൻ ഒരുങ്ങി. മരണശേഷം എന്തുചെയ്യണമെന്ന് സഹായി ഗാബിയോട് നിർദ്ദേശിക്കുകയും ചെയ്തു. 22-ന് ഇന്ത്യയിലെ പ്രൊവിൻഷ്യാളെ വിളിച്ച് അന്ത്യയാത്ര പറഞ്ഞു. അവസാനത്തേതെന്ന് കരുതി കട്ടിലിൽ കിടന്ന് അർപ്പിച്ച വിശുദ്ധ കുർബാന, 'കോമ'യിലേക്ക് വീഴുന്നതിനുമുമ്പേ തീർന്നു....

സ്വർഗം ദർശിച്ച നിമിഷം

▶▶ ഫാ. ജെയിംസ് മഞ്ഞാക്കൽ MSFS

"ആദ്യം തന്നെ *സൺഡേശാലോമിന്റെ* എല്ലാ വായനക്കാർക്കും ദൈവത്തിനു മഹത്വം ആശംസിക്കുന്നു! ഒന്നര വർഷത്തോളം ശരീരമാകെ തളർന്ന്, സംസാരിക്കാൻപോലുമാകാതെ മരണത്തിന്റെ പടിവാതിൽക്കലെത്തി തിരിച്ചുവന്ന സഹനത്തിന്റെ നാളുകൾ ചുരുങ്ങിയ വാക്കുകളിൽ പങ്കുവയ്ക്കാം.

2012 ഡിസംബർ 16-ന് ഗൾഫ് നാടുകളിൽ ഒരുമാസം നീണ്ട ധ്യാനപരിപാടി കഴിഞ്ഞ് ഞാൻ ജർമ്മനിയിലെ മ്യൂണിക്കിൽ തിരിച്ചെത്തി. യാത്രയിലുടനീളം നല്ല പനിയും വയറുവേദനയും അനുഭവപ്പെട്ടിരുന്നതിനാൽ ഡോക്ടറുടെ നിർദ്ദേശാനുസരണം വീര്യമേറിയ ഗുളിക കഴിച്ചിരുന്നു.

21-ന് മുംബൈക്കുള്ള യാത്രയ്ക്കായി ബാഗ് തയാറാക്കുമ്പോൾ കാലിനും കൈക്കും ബലക്ഷയം അനുഭവപ്പെടുന്നതുപോലെ തോന്നി. ഉച്ചയായപ്പോൾ രോഗം മൂർച്ഛിക്കുകയും അരയ്ക്കു കീഴ്പോട്ട് പൂർണമായും തളരുകയും ചെയ്തു. ഉടൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും അപ്പോഴേക്കും കഴുത്തിനു താഴോട്ട് ശരീരം മുഴുവനും തളർന്നു കഴിഞ്ഞിരുന്നു.

പരിശോധനയിൽ രക്തത്തിൽ അസാധാരണമായ ബാക്ടീരിയകളുടെ സാന്നിധ്യം കണ്ടെത്തി. രക്തത്തിലെ ഈ വിഷബാധയാണ് അസുഖകാരണമെന്നായിരുന്നു ഡോക്ടർമാരുടെ കണ്ടെത്തൽ. അതിനാൽ രക്തത്തിലെ വിഷബാധ മാറ്റാനുള്ള ചികിത്സയാണ് ആദ്യം നടത്തിയത്. പ്ലാസ്മ പലതവണ മാറ്റി നൽകി. ഗൾഫിൽവച്ച് ആരോ ഭക്ഷണത്തിൽ വിഷം കലർത്തി നൽകിയെന്നായിരുന്നു നിഗമനം. ഇന്ത്യയിലും ഈ വാർത്ത പരന്നിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്.

ആയുസിന് 24 മണിക്കൂറിൽ കൂടുതൽ ദൈർഘ്യമില്ലെന്ന് വിദഗ്ധ ഡോക്ടർമാർ വിധിയെഴുതി. മരണത്തെ മുഖാമുഖം കണ്ട നിമിഷങ്ങൾ. അന്ത്യകൂദാശ സ്വീകരിച്ച് മരണത്തെ സ്വീകരിക്കാൻ ഒരുങ്ങി. മരണശേഷം എന്തുചെയ്യണമെന്ന് സഹായി ഗാബിയോട് നിർദ്ദേശിച്ചു. 22-ന് ഇന്ത്യയിലെ പ്രൊവിൻഷ്യാളെ വിളിച്ച് അന്ത്യയാത്ര പറഞ്ഞു. ചെയ്തുപോയ തെറ്റുകൾക്ക് മനസിൽ ക്ഷമചോദിച്ചു. മരണത്തെ കാത്തുകിടന്ന 22-ാം തീയതി ഏതോ നിമിഷത്തിൽ ഞാൻ പതുക്കെ 'കോമ'യിലേക്ക് താഴ്ന്നിറങ്ങി. അവസാനത്തേതെന്ന് കരുതി ഞാൻ കട്ടിലിൽ കിടന്ന് അർപ്പിച്ച വിശുദ്ധ കുർബാന, 'കോമ'യിലേക്ക് വീഴുന്നതിനുമുമ്പേ തീർന്നിരുന്നു.

പിന്നീട് വെന്റിലേറ്ററിന്റെ സഹായത്തോടെ നാലുമാസം ജീവൻ നിലനിർത്തുകയായിരുന്നു. മൂന്നു മാസത്തോളം ഓസ്ട്രിയായിൽ സാൽസ്ബർഗിലെ ആശുപത്രിയിൽ ചികിത്സ നടത്തി. ഇതിനിടെ മൂന്നുതവണ കടുത്ത ന്യൂമോണിയ ബാധിച്ചു. അവസാനം ചികിത്സ നൽകാനാവാതെ ഡോക്ടർമാർ കൈയൊഴിഞ്ഞു. തുടർന്ന് സ്പെയിനിലെ പാംപോൾന സുപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലേക്ക് എയർ ആംബുലൻസ് സഹായത്തോടെ മാറ്റി. അവിടുത്തെ ചികിത്സയിൽ കാര്യമായ മാറ്റം കണ്ടെങ്കിലും ഫിസിയോതെറാപ്പി ചെയ്യാൻ സൗകര്യമുണ്ടായിരുന്നില്ല. രണ്ടു മാസത്തെ ചികിത്സയ്ക്കുശേഷം ഓസ്ട്രിയായിൽ തിരിച്ചെത്തി. ഫിസിയോതെറാപ്പി ഉൾപ്പെടെ വിവിധ ചികിത്സകൾ തുടർന്നു. പണമെല്ലാം അപ്പോഴേക്കും തീർന്നിരുന്നു. സെപ്റ്റംബർ മുതൽ ഡോ. റിച്ചിയുടെ വീട്ടിലേക്ക് താമസംമാറ്റി സ്വന്തമായി ചികിത്സ തുടർന്നു.

അസുഖം ബാധിച്ച് ആദ്യ ആറുമാസം സംസാരിക്കാനോ ഭക്ഷണം കഴിക്കാനോ സാധിക്കുമായിരുന്നില്ല. ചികിത്സയുടെ ആരംഭംമുതൽ വിശുദ്ധ കുർബാനയാൽ പവിത്രീകരിക്കപ്പെട്ട വീഞ്ഞിന്റെ ഒരു തുള്ളി എന്റെ നാവിലേക്ക് മുടക്കംകൂടാതെ വൈദികർ ഒഴിച്ചുതരുമായിരുന്നു. ഈ തിരുരക്തമാണ് ജീവൻ നിലനിർത്തിയത്.

അസുഖം മൂർച്ഛിച്ച അവസരത്തിൽ ദൈവത്തിന് ഒരു വാഗ്ദാനം നൽകി- "എന്റെ ജീവൻ തിരിച്ചു ലഭിച്ചാൽ, കിടക്കയിലോ വീൽചെയറിലോ ഇരുന്നായാലും ഞാൻ സുവിശേഷം പ്രഘോഷിക്കുക തന്നെ ചെയ്യും." ആറു മാസത്തിനുശേഷം എനിക്ക് സംസാരശേഷി ഭാഗികമായി തിരിച്ചുകിട്ടി. 2014 മെയ് മുതൽ ദൈവരാജ്യപ്രഘോഷണത്തിന് എന്റെ നാവുകളെ സമർപ്പിച്ച് ദൈവത്തോടുള്ള വാഗ്ദാനം നിറവേറ്റാൻ ഞാൻ തയ്യാറായി.

അസുഖത്തിന്റെ എല്ലാ ഘട്ടങ്ങളിലും എന്നെ പൂർണമായും ദൈവപരിപാലനയിൽ അർപ്പിച്ചു. എന്റെ ദയനീയാവസ്ഥയിൽ ഒരിക്കലും ദുഃഖം തോന്നിയില്ല. എല്ലാ സഹനങ്ങളിലും ദൈവത്തിൽ മാത്രം ആനന്ദം കൊണ്ടു. എന്റെ ക്ലേശങ്ങളെ എന്റെയും മറ്റുള്ളവരുടെയും ആത്മശരീരങ്ങളുടെ ശുദ്ധീകരണത്തിനായി യേശുവിന്റെ സഹനത്തോടു ചേർത്ത് സമർപ്പിച്ചു പ്രാർത്ഥിച്ചു.

മരണത്തിന്റെ താഴ്വരയിലൂടെ ഞാൻ കടന്നുപോയിരുന്നു. മരണത്തിനും ജീവനുമിടയ്ക്കുള്ള നേർത്ത അതിർവരമ്പിൽ നിന്ന് മുന്നോട്ടുനോക്കിയപ്പോൾ നരകവും ശുദ്ധീകരണസ്ഥലവും സ്വർഗവും എനിക്ക് ദർശിക്കാനായി. കൺമുമ്പിൽ നിത്യതയുടെ യഥാർത്ഥ കാഴ്ച മായാതെ നിൽക്കുന്നു; നരകത്തെയും സ്വർഗത്തെയും നേരിൽക്കണ്ട ഈ അനുഭവം ഒരിക്കലും മറക്കാനുമാവില്ല. ഇതെക്കുറിച്ചുള്ള എന്റെ അനുഭവക്കുറിപ്പാണ് 'ഐ സോ എറ്റേർണിറ്റി' (I saw Eternity) എന്ന പുസ്തകം.

എന്റെ രോഗവേളയിൽ പ്രാർത്ഥിച്ച എല്ലാവരോടുമുള്ള നന്ദി എത്ര പറഞ്ഞാലും തീരില്ല. അസുഖ വിവരങ്ങളറിയാൻ എന്നെയും എന്റെ സുഹൃത്തുക്കളെയും വിളിച്ചിരുന്നു. നന്ദി. പ്രാർത്ഥനാസഹായം വാഗ്ദാനംചെയ്ത് എനിക്ക് നിങ്ങളിൽനിന്നു ലഭിച്ചത് ആയിരക്കണക്കിന് ഇ-മെയിൽ സന്ദേശങ്ങളാണ്. ദൈവവചനം പ്രഘോഷിക്കാൻ ശക്തനാക്കി എന്നെ വീണ്ടും സ്റ്റേജിൽ എത്തിച്ചത് നിങ്ങളുടെ പ്രാർത്ഥനയാണെന്ന് ഞാൻ വിശ്വസിക്കുന്നു. കാരണം, പ്രാർത്ഥനയ്ക്ക് മാത്രമേ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിയൂ....

ഫാ. ജയിംസ് മഞ്ഞാക്കൽ ചെക്ക് റിപ്പബ്ലിക്കിലെ ഒരു സ്നേഹക്കൂട്ടായ്മയിൽ.

അച്ചനെ വീൽചെയറിൽ എടുത്തിരുത്താനും തിരിച്ച് കിടക്കയിലേക്ക് കിടത്താനും മറ്റുള്ളവരുടെ സഹായം വേണം. പെറുവിൽനിന്നുള്ള ഗാബി, ജർമ്മനിയിൽനിന്നുള്ള ഡോ. റിച്ചി, ഭാര്യ ജന്നി, മെഡിക്കൽ വിദ്യാർഥിയായ ജൊഹാനസ് ഹബ്നെർ തുടങ്ങിയവർ എന്തുസഹായത്തിനും തയാറായി അച്ചനോടൊപ്പമുണ്ട്. അതിരാവിലെ അച്ചനെ കിടക്കയിൽനിന്ന് എഴുന്നേൽപ്പിക്കുന്നതുമുതലുള്ള കാര്യങ്ങളിൽ സഹായിക്കുന്നത് എപ്പോഴും കൂടെയുള്ള ഗാബിയാണ്. അച്ചനെ ശുശ്രൂഷകളിൽ സഹായിക്കാൻ വിവിധ രാജ്യങ്ങളിൽനിന്നുള്ള സന്നദ്ധപ്രവർത്തകരുമുണ്ട്. സ്പെയിനിൽനിന്നുള്ള സേവ്യർ ലോപ്പസ്, ക്രൊയേഷ്യയിൽനിന്നുള്ള സൂസന്ന, സൂസന്നയുടെ ഭർത്താവ് എന്നിവരായിരുന്നു ഇക്കാര്യങ്ങൾക്ക് നേതൃത്വം നൽകിയത്.

തന്റെ ആത്മീയ ജീവിതത്തിൽ നാലു ശക്തിശ്രോതസ്സുകളാണുള്ളതെന്ന് അച്ചൻ സാക്ഷ്യപ്പെടുത്തുന്നു. വിശുദ്ധ കുർബാനയാണ് ആദ്യത്തേത്. രണ്ടാമത്തേത് പ്രഭാത പ്രാർത്ഥന. ദൈവവുമായി ഒന്നിച്ചിരുന്നു പരസ്പരം പങ്കുവയ്ക്കുന്നതിലൂടെ ലഭിക്കുന്ന ഈ ആത്മീയ ബലത്തിലാണ് ആദിവസമുള്ള മറ്റു പരിപാടികൾ. മൂന്നാമത്തേത് തന്റെ ബ്രഹ്മചര്യസമർപ്പണം. ഈ സമർപ്പണം വൈദികർക്കു നൽകുന്ന ശക്തിയെക്കുറിച്ച് അച്ചൻ ഓർമിപ്പിക്കാറുണ്ട്. നാലാമത്തേത് മരിച്ച വിശ്വാസികൾക്കുവേണ്ടിയുള്ള പ്രാർത്ഥന.

ഈ നാലു ശക്തിശ്രോതസ്സുകളിലുള്ള അടിയുറച്ച വിശ്വാസമാണ്, തിരിച്ചുകിട്ടില്ലെന്ന് മറ്റുള്ളവർ എഴുതിത്തള്ളിയ ജീവിതം തിരിച്ചുപിടിക്കാൻ തുണയായതെന്ന് അച്ചൻ സംഭാഷണമധ്യേ പറഞ്ഞു.

ആഗോള സുവിശേഷവത്കരണത്തിന് കേരളത്തിന്റെ സംഭാവനയായ മഞ്ഞാക്കലച്ചനെ ഇനിയും യൂറോപ്പിന് വേണം. അധാർമ്മികതയിലേക്ക് ജനം വീഴാതിരിക്കാൻ അച്ചന് ബലവും ധൈര്യവും ക്രിസ്തുനൽകുന്നുണ്ടെന്ന് തീർച്ച. അതുകൊണ്ടാകാം മരണത്തിൽ നിന്നുള്ള ഈ രണ്ടാംവരവിലും ആയിരങ്ങൾ അച്ചന് ചുറ്റും തടിച്ചുകൂടുന്നത്.

കൊയ്നോനിയ 2014
നവീകരണത്തിൽ ഇക്കാലം വരെ
നേതൃത്വം കൊടുക്കാൻ
കർത്താവ് കൃപ നൽകിയവരുടെ സംഗമം.

സെപ്റ്റംബർ 12 (വെള്ളി) രാവിലെ 10 മുതൽ
15 (തിങ്കൾ) ഉച്ചയ്ക്ക് 1 മണി വരെ
സെന്റ് പോൾസ് ഇന്റർനാഷണൽ
സ്കൂൾ കളമശ്ശേരി, എറണാകുളം

• ക്ലാസ്സുകൾ • ശില്പശാലകൾ
• ഷെയറിംഗ് സെല്ലുകൾ • പാനൽ ചർച്ചകൾ

നേതൃത്വം നൽകുന്നവർ
കർദിനാൾ മാർ ജോർജ് ആലഞ്ചേരി
മോസ്റ്റ് റവ. ഡോ ഫ്രാൻസീസ് കല്ലറയ്ക്കൽ
മാർ റാഫേൽ തട്ടിൽ, മോസ്റ്റ് റവ. ഡോ. ഫ്രാൻസീസ് കലിസ്റ്റ്
റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി, സാമുവൽ മാർ ഐറീനിയോസ്
ഫാ. ജോർജ് കളത്തിൽ, ഫാ. സെബാസ്റ്റ്യൻ കറുകപ്പിള്ളി
ഫാ. ജോസ് അഞ്ചാനിക്കൽ, സി. എൽസിസ് മാത്യു
വി.വി. അഗസ്റ്റിൻ, കെ.എസ്.ടി. അംഗങ്ങൾ

പങ്കെടുക്കേണ്ടവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ് 0484 – 2540818, 9142132844, 9447367759

Vol. No. 15, Issue No. 34, Regd. No. KL/VDK/02/2012-14, RNI/71591/99, Printed and Published by Sri. Benny Punnathara, Owned by Shalom Trust Peruvannamoozhi - 673528, Printed at Roshni Offset Press, Marikkunnu, Calicut - 12, and Published from Peruvannamoozhi, Calicut, Phone: (0496) 2664600 Fax: (0496) 2664680 Chief Editor: Sri. Benny Punnathara.